ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 25.03.2025**

## പ്രധാനവാർത്തകൾ

1) വിവിധ സംസ്ഥാനങ്ങൾക്കുള്ള തൊഴിലുറപ്പ് പദ്ധതി കുടിശ്ശികയെ ചൊല്ലി പാർലമെന്റിൽ പ്രതിപക്ഷ പ്രതിഷേധം.

2) സംസ്ഥാനത്ത് അണക്കെട്ടുകളുടെ സമീപത്തുള്ള വീടുകൾക്ക് പെർമിറ്റ് നൽകുന്നതിനുള്ള മുൻ ഉത്തരവ് പിൻവലിച്ചതായി മന്ത്രി റോഷി അഗസ്റ്റിൻ ; തീരുമാനം സ്വാഗതം ചെയ്ത് പ്രതിപക്ഷം.

3) ഉത്സവകാലങ്ങളിൽ വിമാനക്കമ്പനികൾ വൻ തുക ടിക്കറ്റ് നിരക്കായി ഈടാക്കുന്ന പ്രശ്നത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ തേടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4) രാജ്യത്ത് ഐക്യം നിലനിർത്തിയാൽ മാത്രമേ വികസിത ഭാരതം എന്ന സ്വപ്നം യാഥാർഥ്യമാവുകയുള്ളൂ എന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ.

5) വയനാട് പുനരധിവാസത്തിന്റെ ഭാഗമായുള്ള ടൗൺഷിപ്പിന്റെ നിർമാണത്തിന് മറ്റന്നാൾ മുഖ്യമന്ത്രി തുടക്കം കുറിയ്ക്കുമെന്ന് റവന്യൂ മന്ത്രി കെ രാജൻ.

6) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - പഞ്ചാബ് കിംഗ്സുമായി ഏറ്റുമുട്ടും.

*****************************************

RNU TVPM

## പാർലമെന്റ്

പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. തമിഴ്നാട് ഉൾപ്പടെ ചില സംസ്ഥാനങ്ങൾക്ക് നൽകാനുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കുടിശ്ശികയെച്ചൊല്ലി ലോക്സഭയിൽ പ്രതിപക്ഷം പ്രതിഷേധിച്ചു. തുടർന്ന് 12 മണി വരെ ലോക്സഭ നിർത്തിവച്ചിരുന്നു.

*************************************

## നിയമസഭ - ഉപക്ഷേപം

സംസ്ഥാനത്ത് അണക്കെട്ടുകളുടെ സമീപത്തുള്ള വീടുകൾക്ക് പെർമിറ്റ് നൽകുന്നതിനുള്ള മുൻ ഉത്തരവ് പിൻവലിച്ചതായി മന്ത്രി റോഷി അഗസ്റ്റിൻ. ഡാം സുരക്ഷ നിയമം നടപ്പാക്കിയപ്പോൾ വീടുകൾക്ക് പെർമിറ്റ് നമ്പർ ലഭിക്കുന്നില്ലെന്ന വിഷയം സഭ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന ഉപക്ഷേപത്തിന് പ്രതിപക്ഷത്തിനു നിന്ന് മോൻസ് ജോസഫാണ് നോട്ടീസ് നൽകിയത്. ജനങ്ങൾക്ക് ആശങ്കയില്ലാത്ത വിധം ഉത്തരവ് പരിഷ്കരിക്കുമെന്നും വിഷയത്തെ രാഷ്ട്രീയവൽക്കരിക്കരുതെന്നും മന്ത്രി റോഷി അഗസ്റ്റിൻ മറുപടി നൽകിയെങ്കിലും ആശയക്കുഴപ്പമുള്ളതിനാൽ ഉത്തരവ് പിൻവലിക്കണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആവശ്യപ്പെടുകയായിരുന്നു. ഉത്തരവ് പിൻവലിച്ചതായുള്ള മന്ത്രിയുടെ പ്രഖ്യാപനത്തെ പ്രതിപക്ഷം സ്വാഗതം ചെയ്തു. 15-ആം നിയമസഭയുടെ 13 ആം സമ്മേളനത്തിന്റെ അവസാന ദിനമായ ഇന്ന് 7 ബില്ലുകളാണ് സഭയുടെ പരിഗണനയ്ക്ക് വരുന്നത്.

RNU TVPM

*************************************

## നിയമസഭ-എം.ബി രാജേഷ്

ഭൂമി ലഭ്യതയിലെ കുറവാണ് സംസ്ഥാനത്തെ വ്യവസായ വികസന മേഖലയിലെ പ്രധാന വെല്ലുവിളിയെന്ന് മന്ത്രി എം.ബി.രാജേഷ്. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് പൊതു സൗകര്യം

ഒരുക്കുന്നതിന് സർക്കാർ സഹായം ലഭ്യമാക്കും. വ്യവസായിക ഉത്പന്നങ്ങൾ കൂടുതൽ ആകർഷകമാക്കാൻ ഒരു തദ്ദേശ സ്ഥാപനം ഒരു ഉത്പന്നം പദ്ധതിയിലൂടെ കൂടുതൽ പ്രാദേശിക ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുമെന്നും മന്ത്രി നിയമസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു.

( വോയിസ്..... )

സംരംഭക വർഷം പദ്ധതിയിലൂടെ സംസ്ഥാനത്ത് 22,526 കോടി രൂപയുടെ നിക്ഷേപം ലഭിച്ചെന്നും 7 ലക്ഷത്തിൽ അധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചെന്നും മന്ത്രി പറഞ്ഞു.

**************************************

മുഖ്യമന്ത്രി - വിമാന ടിക്കറ്റ് നിരക്ക്

ഉത്സവകാലങ്ങളിൽ വിമാനക്കമ്പനികൾ വൻ തുക ടിക്കറ്റ് നിരക്കായി ഈടാക്കുന്ന വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ തേടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിമാന ടിക്കറ്റ് നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് വ്യോമയാനമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. പാർലമെൻറിൻറെ മൺസൂൺ സമ്മേളനത്തിന് മുന്നോടിയായുള്ള എം.പിമാരുടെ യോഗത്തിലും വിഷയം ചർച്ച ചെയ്തതായി പി.ടി.എ റഹീമിന്റെ സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

RNU TVPM

**************************************

നിയമസഭ-വി എൻ വാസവൻ

സംസ്ഥാനത്തെ സഹകരണ മേഖലയുടെ വിശ്വാസ്യത കാത്തുസൂക്ഷിക്കാൻ നിരവധി നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് മന്ത്രി വി എൻ വാസവൻ. കരുവന്നൂർ ബാങ്കിലെ നിക്ഷേപകർക്ക് ഇത് വരെ 145.50 കോടി രൂപ മടക്കി നൽകിയതായി അദ്ദേഹം നിയമസഭയിൽ ശ്രീ രമേശ് ചെന്നിത്തലയുടെ ചോദ്യത്തിന് മറുപടിയായി അറിയിച്ചു. അടുത്ത

മാസം 1 മുതൽ തിരുവനന്തപുരത്ത് സഹകരണ എക്സ്പോ സംഘടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

*****************************************

## കെ.രാജൻ .. (ഇൻട്രോ)

വയനാട് പുനരധിവാസത്തിന്റെ ഭാഗമായി ടൗൺഷിപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ തുടക്കം കുറിയ്ക്കുമെന്ന് റവന്യൂ മന്ത്രി കെ രാജൻ. എൽസ്റ്റൺ എസ്റ്റേറ്റിൽ ആരംഭിക്കുന്ന ടൗൺഷിപ്പിനാണ് മുഖ്യമന്ത്രി തറക്കല്ലിടുന്നത്. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഉൾപ്പടെ സംസ്ഥാനം രാജ്യത്തിന് തന്നെ മാതൃകയാണെന്നും മന്ത്രി പറഞ്ഞു.

( വോയിസ്... )

RAJU TVPM

*****************************************

## സപ്ലൈകോ - ഈസ്റ്റർ, വിഷു, റംസാൻ

സപ്ലൈകോയുടെ ഈസ്റ്റർ, വിഷു, റംസാൻ മേളകളുടെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരം പീപ്പിൾസ് ബസാറിൽ മന്ത്രി ജി ആർ അനിൽ നിർവഹിച്ചു. വിവിധ ഉൽപ്പന്നങ്ങൾക്ക് 40 ശതമാനം വരെ വിലക്കുറവ് ഉണ്ടാകും. പൊതുജനങ്ങൾ പരമാവധി സപ്ലൈകോ ഫെയറുകളുടെ സേവനം ഉപയോഗപ്പെടുത്തണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു. ഉത്സവകാലം പ്രമാണിച്ച് സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായാണ് മേള സംഘടിപ്പിച്ചിരിക്കുന്നത്. മാർച്ച് 30 വരെ റംസാൻ ഫെയറും എപ്രിൽ 10 മുതൽ 19 വരെ വിഷു, ഈസ്റ്റർ ഫെയറും നടക്കും.

*****************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

(ബ്രേക്ക്)

**************************************

## മൻ കീ ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 30-ന്. പരിപാടിയുടെ 120-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ പ്രാദേശിക ഭാഷകളിൽ 'മൻ കീ ബാത്' കേൾക്കാം. പരിപാടിയിലേക്കുള്ള ജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും ഈമാസം28 വരെ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ, Narendra Modi App, MyGov Open Forum എന്നിവയിലൂടെ അറിയിക്കാവുന്നതാണ്.

**************************************

## ഗവർണർ - യൂത്ത് പാർലമെന്റ്

RNU TVPM

രാജ്യത്ത് ഐക്യം നിലനിർത്തിയാൽ മാത്രമേ വികസിത ഭാരതം എന്ന സ്വപ്നം യാഥാർഥ്യമാവുകയുള്ളൂ എന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ. കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം, നെഹ്റു യുവ കേന്ദ്ര സംഘാതൻ എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വികസിത് ഭാരത് യൂത്ത് പാർലമെന്റ് സംസ്ഥാനതല മത്സരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യുവതയാണ് വികസിത ഭാരത്തിന്റെ ഹൃദയമെന്നും വിദ്യാഭ്യാസ മേഖലയിലെ കൊളോണിയൽ സമ്പ്രദായം ഇല്ലാതാക്കാനാണ് ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ ശ്രമിക്കുന്നതെന്നും ഗവർണർ പറഞ്ഞു.

**************************************

## സ്ഥാനാരോഹണം

യാക്കോബായ സഭയുടെ പുതിയ അധ്യക്ഷൻ ജോസഫ് മാർ ഗ്രിഗോറിയോസിന്റെ സ്ഥാനാരോഹണം ഇന്ന്. ഇന്ത്യൻ സമയം

രാത്രി 08.30 ന് ലെബനനിലെ അച്ചാനെയിലുള്ള സെന്റ് മേരീസ് പാത്രിയർക്കാ കത്തീഡ്രലിൽ ആണ് സ്ഥാനാരോഹണ ശുശ്രൂഷ. ചടങ്ങിൽ പങ്കെടുക്കുന്നതിനായി മുൻ കേന്ദ്രസഹമന്ത്രി വി മുരളീധരൻ, ബെന്നി ബഹനാൻ എംപി, ബിജെപി നേതാവും മുൻ കേന്ദ്രമന്ത്രിയുമായ അൽഫോൻസ് കണ്ണന്താനം തുടങ്ങിയവർ ലെബനനിൽ എത്തി.

*************************************

## നാടകോത്സവം

ഈ വർഷത്തെ ഭരത് മുരളി നാടകോത്സവത്തിന് ലോക നാടക ദിനമായ മറ്റന്നാൾ തിരുവനന്തപുരത്ത് തിരശീല ഉയരും. അഞ്ചു ദിവസത്തെ നാടകോത്സവം ധനമന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. രമേശ് ചെന്നിത്തല എം എൽ എ മുഖ്യപ്രഭാഷണം നടത്തും. ഈ മാസം 31 വരെ പാളയം സെനറ്റ് ഹൌസ് ക്യാമ്പസ്സിൽ വൈകുന്നേരങ്ങളിൽ രണ്ട് നാടകം വീതം ഉണ്ടാകും. പ്രവേശനം സൗജന്യം.

*************************************

## ആലപ്പുഴ ( ഇൻട്രോ )

വേമ്പനാട്ട് കായലിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള ശ്രമങ്ങൾ ഊർജ്ജിതമാക്കി ആലപ്പുഴ ജില്ലാ ഭരണകൂടം. വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.......

(വോയ്സ്)

*************************************

RNU TVPM

## ഐ പി എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - പഞ്ചാബ് കിംഗ്സുമായി ഏറ്റുമുട്ടും. അഹമ്മദാബാദിൽ രാത്രി 7:30 നാണ് മത്സരം.

*****************************************

## ഏഷ്യൻ കപ്പ് 2027 ഫുട്ബോൾ

AFC ഏഷ്യൻ കപ്പ് 2027 ഫുട്ബോൾ യോഗ്യതാ മത്സരത്തിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. മേഘാലയയിലെ ഷില്ലോങ്ങിൽ വൈകുന്നേരം 7 മണിക്ക് നടക്കുന്ന മൂന്നാം റൗണ്ട് മത്സരം ഇരു ടീമുകൾക്കും നിർണ്ണായകമാണ്.

*****************************************

## സോഫ്റ്റ് ബേസ്ബാൾ - ഷെഡ്യൂൾ

2024 - 25 അക്കാദമിക വർഷത്തെ അഖിലേന്ത്യാ അന്തർ സർവകലാശാല സോഫ്റ്റ് ബേസ്ബാൾ ചാമ്പ്യൻഷിപ്പിന് MG സർവ്വകലാശാല വേദിയാകും. കഴിഞ്ഞ വട്ടം ചാംപ്യൻഷിപ് നടക്കുന്നതിൽ കാലതാമസം നേരിട്ടതിനെ തുടർന്ന് യൂണിവേഴ്സിറ്റികൾക്ക് പങ്കെടുക്കാൻ സാധിച്ചിരുന്നില്ല. വിഷയം പ്രിയങ്ക ഗാന്ധി എം.പി കേന്ദ്ര കായിക മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്നാണ് തീരുമാനം.

*****************************************

## തുരീയം സംഗീതോത്സവം

111 ദിവസം നീണ്ടുനിൽക്കുന്ന ഇരുപതാമത് തുരീയം സംഗീതോത്സവത്തിന് ഇന്ന് കണ്ണൂർ പയ്യന്നൂരിൽ തിരിതെളിയും. വൈകീട്ട് പയ്യന്നൂർ ശ്രീ പ്രഭാ ഓഡിറ്റോറിയത്തിൽ പശ്ചിമ ബംഗാൾ

RNU TVPM

ഗവർണർ സി.വി.ആനന്ദബോസ് സംഗീതോത്സവം ഉദ്ഘാടനം ചെയ്യും.

******************************************

## ചമയവിളക്ക്- കൊറ്റൻകുളങ്ങര

കൊല്ലം ചവറ കൊറ്റൻകുളങ്ങര ദേവീ ക്ഷേത്രത്തിലെ പ്രസിദ്ധമായ ചമയവിളക്ക് മഹോത്സവത്തിനു തുടക്കമായി. അഭീഷ്ട കാര്യ സിദ്ധിക്കായി സ്ത്രീവേഷംകെട്ടി ചമയവിളക്കെടുക്കാൻ വിവിധ നാടുകളിൽ നിന്നും പുരുഷന്മാർ കൊറ്റൻകുളങ്ങരയിലെത്തി. ആറാട്ടിന് ശേഷം ദേവി ക്ഷേത്രമൈതാനത്ത് വിശ്രമിച്ചതോടെ ആദ്യദിവസത്തെ ചമയവിളക്കെടുപ്പിന് പരിസമാപ്തിയായി.

******************************************

## വൈപ്പിൻ പ്രതിഷേധം

കൊച്ചി വൈപ്പിൻ കാളമുക്ക് ജംഗ്ഷനിൽ താൽക്കാലിക മത്സ്യ വിപണന ഷെഡ്ഡുകൾ അധികൃതർ പൊളിച്ചു നീക്കിയതിനെതിരെ പ്രതിഷേധവുമായി മത്സ്യ കച്ചവടക്കാർ. മുന്കരുതലിന്റെ ഭാഗമായി പ്രദേശത്ത് പോലീസ് സംഘത്തെ വിന്യസിച്ചു. ഗോശ്രീ ഐലൻഡ് ഡെവലപ്മെൻറ് അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് താൽക്കാലിക ഷെഡുകൾ നിർമ്മിച്ച് കച്ചവടം നടത്തിയിരുന്നത്.

**********************************************************************************

******************************************

RNU TVPM